**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2238** **27-10-2026-ൽ മറുപടിയ്ക്ക്**

**മൈനാഗപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി പ്രദേശം നിലവിൽ ഏത് പോലീസ് സ്റ്റേഷന്റെ പരിധിയിലാണ് ഉൾപ്പെടുന്നതെന്നും പ്രസ്തുത പോലീസ് സ്റ്റേഷനിൽനിന്ന് മൈനാഗപ്പള്ളിയിലേക്കുള്ള ദൂരക്കൂടുതലും ക്രമസമാധാന പരിപാലനത്തിലുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

**മറുപടി:** കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് നിലവിൽ ശാസ്താംകോട്ട പോലീസ് സ്റ്റേഷൻ പരിധിയിലാണ് ഉൾപ്പെടുന്നത്. മൈനാഗപ്പള്ളിയിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകളൊന്നും തന്നെ നിലവിൽ സർക്കാർ പരിഗണനയിലില്ല.

**(ബി)** കരുനാഗപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന മൈനാഗപ്പള്ളിയിൽ ജനങ്ങളുടെ സുരക്ഷയും ക്രമസമാധാന പാലനവും ഉറപ്പുവരുത്തുന്നതിനായി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**